# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2020 മാർച്ച് 11, ബുധൻ

**നമ്പർ 217**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം :

പ്രളയദുരന്ത ബാധിതർക്ക് അർഹമായ സഹായം ലഭിക്കാത്തതുമൂലവും അനർഹരായ ആൾക്കാർ ധനസഹായം തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവങ്ങൾ മൂലവും ഉളവായിട്ടുള്ളതായി പറയുന്ന ഗുരുതര സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) കോവിഡ്-19 രോഗബാധ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിലെ യാത്രാനിയന്ത്രണംമൂലം ഗൾഫ് രാജ്യങ്ങളിൽ യഥാസമയം എത്തിച്ചേരാൻ കഴിയാത്തവർക്ക് തൊഴിൽ നഷ്ടമാകാതിരിക്കാൻ നയതന്ത്ര ഇടപെടലുകൾ നടത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. വി. അബ്ദുൾ ഖാദർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 441/2020 (i).

(2) ദേശീയ പാത 766-ൽ ബന്ദിപ്പൂർ കുട്ടവാ സങ്കേത ഭാഗത്ത് നിലവിലുള്ള രാത്രിയാത്രാ നിരോധനം നീക്കുന്നതിന് സർക്കാർ ഇടപെടേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഗതാഗത വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സംസ്ഥാനത്ത് കോവിഡ് 19 പടരുന്നതുമൂലം ജനങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്ക | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 2 | ശ്രീമതി വീണ ജോർജ്ജ് | കൊറോണ രോഗികളെ പരിചരിക്കുന്ന പത്തനംതിട്ടയിലെ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി |
| 3 | ശ്രീ. വി. ഡി. സതീശൻ | കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാരുടെ ശമ്പളപരിഷ്ക്കരണം | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. കെ. സി. മമ്മത് കോയ | ചാലിയത്തുള്ള നിർദ്ദേശ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
| 5 | ശ്രീ. ചിറ്റയം ഗോപകുമാർ | സർവ്വേ ഭൂരേഖ വകുപ്പ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. ഒ. രാജഗോപാൽ | തീർത്ഥപാദമണ്ഡപവും അനുബന്ധസ്ഥലവും വിദ്യാധിരാജ സഭയ്ക്ക് തിരികെ നൽകാൻ നടപടി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | വിളക്കുടി - വെട്ടിക്കവല - മേലില ഗ്രാമീണ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. കെ. ബഷീർ | പാലക്കയം ആദിവാസി കോളനിയിലേക്കുള്ള റോഡ് നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. പാറക്കൽ അബ്ദുല്ല | ഔഷധ മലിനീകരണം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. വി. വിജയദാസ് | എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം :

2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, ജയിലുകൾ എന്ന XIII- ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ധനാഭ്യർത്ഥനകളുടെ

ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് മേശപ്പുറത്തു വച്ചു.

XII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 7, 12, 14, 17, 23, 24, 25, 26, 27, 28, 32, 33, 34, 35 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 4, 11, 12, 13, 14, 15, 16, 19, 20 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 6, 10, 11, 12, 13, 15, 18, 20 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. എം. രാജഗോപാലൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. ഇ. ടി.ടൈസൺ മാസ്റ്റർ

ശ്രീ. പി. ഉബൈദുള്ള

ശ്രീമതി വീണ ജോർജ്ജ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. റോജി എം. ജോൺ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. ആർ. രാജേഷ്

ഡോ. എം. കെ. മുനീർ

ശ്രീ. പി. സി. ജോർജ്

ശ്രീ. എം. സ്വരാജ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XII, XIII, XIV എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

<u>വ്യക്തിപരമായ വിശദീകരണം</u> :

ചട്ടം 288 പ്രകാരം ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് വ്യക്തിപരമായ വിശദീകരണം നൽകി.

2020 മാർച്ച് 12-ാം തീയതി വ്യാഴാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.12- ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Nineteenth Session**

# BULLETIN—PART I

( Brief Record of Proceedings )

*Wednesday, March 11, 2020.*

**No. 217**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Minister for Revenue and Housing the Speaker withheld consent to the moving of an adjournment motion given notice of by Shri.N.Samsudheen and three other Members regarding the serious situation reported to have arisen due to the reported lapse in the distribution of relief to the flood victims and alleged siphoning off of flood relief fund by ineligible persons.

(In protest against the attitude of the Government in this matter the Members belonging to Opposition staged a walk out.)

*Calling Attention :*

(1) Shri K. V. Abdul Khader called the attention of the Chief Minister to the necessity to urge the Central Government to make diplomatic interventions to ensure the jobs of Gulf emigrants who could not report for duty on time due to travel restrictions in the backdrop of Covid19 surveillance measures. The Chief Minister made a statement thereto.

(2) Shri I. C. Balakrishnan called the attention of the Minister for Transport to the necessity for intervention of the Government to lift the night traffic ban in the Bandipur Tiger Reserve stretch of N.H.766. The Minister made a statement thereto.

*The Matters under Rule 304* :

The Matters raised in the House by Members under Rule 304 are listed below.

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സംസ്ഥാനത്ത് കോവിഡ് 19 പടരുന്നതുമൂലം ജനങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്ക | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 2 | ശ്രീമതി വീണ ജോർജ്ജ് | കൊറോണ രോഗികളെ പരിചരിക്കുന്ന പത്തനംതിട്ടയിലെ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ഡി. സതീശൻ | കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാരുടെ ശമ്പളപരിഷ്ക്കരണം | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. കെ. സി. മമ്മത് കോയ | ചാലിയത്തുള്ള നിർദ്ദേശ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
| 5 | ശ്രീ. ചിറ്റയം ഗോപകുമാർ | സർവ്വേ ഭൂരേഖ വകുപ്പ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. ഒ. രാജഗോപാൽ | തീർത്ഥപാദമണ്ഡപവും അനുബന്ധസ്ഥലവും വിദ്യാധിരാജ സഭയ്ക്ക് തിരികെ നൽകാൻ നടപടി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | വിളക്കുടി - വെട്ടിക്കവല - മേലില ഗ്രാമീണ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. കെ. ബഷീർ | പാലക്കയം ആദിവാസി കോളനിയിലേക്കുള്ള റോഡ് നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. പാറക്കൽ അബ്ദുല്ല | ഔഷധ മലിനീകരണം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. വി. വിജയദാസ് | എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

Financial Business :

Discussion and Voting on Demands for Grants in the Budget for the financial year 2020-2021.

Shri Pinarayi Vijayan, Chief Minister moved Demand No. XII- Police, Demand No. XIII- Jails and Demand No. XIV-Stationery and Printing and Other

Administrative Services for the amounts shown against them under column No.5 in the list of Demands for Grants respectively.

DR. T. M. Thomas Isaac, Minister for Finance and Coir laid on the table statements under Rule 236(3) with regard to these Demands.

The cut motion Nos. 2, 3, 7, 12, 14, 17, 23, 24, 25, 26, 27, 28, 32, 33, 34 and 35 in the list of cut motions for Demand No.XII, the cut motion Nos. 1, 4, 11, 12, 13, 14, 15, 16, 19 and 20 in the list of cut motions for Demand No.XIII and the cut motion Nos. 1, 2, 4, 6, 10, 11, 12, 13, 15, 18 and 20 in the list of cut motions for Demand No. XIV were moved.

The following Members took part in the discussion.

Shri M. Rajagopalan

Shri Sunny joseph

Shri E. T. Taison Master

Shri P. Ubaidulla

Smt.Veena George

Shri Mons Joseph

Shri K. B. Ganesh Kumar

Shri K. D. Prasenan

Shri A. Pradeepkumar

Shri Roji M. John

Shri Mullakkara Retnakaran

Shri R. Rajesh

Dr. M. K. Muneer

Shri P. C. George

Shri M. Swaraj

Shri Thiruvanchoor Radhakrishnan

Shri Pinarayi Vijayan, Chief Minister replied to the points raised during the discussion. The cut motions were declared lost. Then the Demand No.XII, XIII and XIV were put to vote and passed.

*Personal Explanation* :

Shri V. K. Ebrahim Kunju had made a personal explanation under rule 288.

The House adjourned at 5.12 p.m. to meet again 9.00 a.m. on Thursday, March 12, 2020.

S. V. UNNIKRISHNAN NAIR,
*Secretary.*